“CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 31.01.2025

# കൈക്കൂലി വാങ്ങിയ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ.

തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി വില്ലേജ് ഓഫീസറായ ജൂഡ്.കെ.എൽ നെ 3,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (31.01.2025) വിജിലൻസ് പിടികൂടി.

തൃശ്ശൂർ വെറ്റിലപ്പാറ സ്വദേശിയായ പരാതിക്കാരന്റെ അച്ഛൻ ഇഷ്ടദാനമായി നൽകിയ ആതിരപ്പള്ളി വില്ലേജ് പരിധിയിൽപെട്ട 8.9 സെന്റ് സ്ഥലം നിലം ആയതിനാൽ വീട് വയ്ക്കാൻ സാധിക്കാത്തതിനാൽ അച്ഛന്റെ പേരിൽ തിരിച്ച് എഴുതാൻ തണ്ടപ്പേർ പകർപ്പ് വാങ്ങുന്നതിനായി ഇക്കഴിഞ്ഞ തിങ്കളാഴ്ച ആതിരപ്പള്ളി വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. സർട്ടിഷിക്കറ്റ് അനുവദിച്ച് നൽകുന്നതിന് സ്ഥല പരിശോധനക്ക് വരുമ്പോൾ 3,000/- രൂപ കൈക്കൂലി നൽകണമെന്ന് ആതിരപ്പള്ളി വില്ലേജ് ഓഫീസറായ ജൂഡ് പറഞ്ഞിരുന്നു. തുടർന്ന് ഇക്കഴിഞ്ഞ വ്യാഴ്ച വില്ലേജ് ഓഫീസറെ ഫോണിൽ വിളിച്ചപ്പോൾ ഇന്ന് (31.01.2025) രാവിലെ കാറുമായി വന്നാൽ സ്ഥലപരിശോധന നടത്താമെന്നും, സർട്ടിഫിക്കറ്റ് നൽകുന്നതിന് 3,000/- രൂപ കൈക്കൂലി നൽകണമെന്നും വീണ്ടും പറഞ്ഞു. തുടർന്ന് പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം

കെണിയൊരുക്കി നിരീക്ഷിച്ചുവരവെ ഇന്ന് (31.01.2025) ഉച്ചക്ക് 01:20 മണിയോട്ടുകൂടി വില്ലേജ് ഓഫീസിൽ വച്ച് പരാതിക്കാനിൽ നിന്നും 3,000/- രൂപ കൈക്കൂലി വാങ്ങി സോക്സിൽ ഒളിപ്പിക്കുന്ന സമയം വില്ലേജ് ഓഫീസറായ ജൂഡിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പ്രതി ജൂഡ്.കെ.എൽ കാസർഗോഡ് മൂളിയാർ വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസറായിരിക്കെ വസ്തുവിന്റെ നികുതി അടക്കുന്ന ആവശ്യത്തിലേക്ക് അന്നത്തെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് 2,500/- രൂപ കൈക്കൂലി വാങ്ങിയതിന് കാസർഗോഡ് വിജിലൻസ് യൂണിറ്റ് 2022-ൽ രജിസ്റ്റർ ചെയ്ത കേസ്സിലെ രണ്ടാം പ്രതിയാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.